കേരളത്തിലെ കടലാക്രമണം

921. [1358] ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ കഴിഞ്ഞ വർഷം കടലാക്രമണ നിരോധന പ്രവർത്തനത്തിൽ മൊത്തം ചെലവഴിച്ച സംഖ്യ എത്രയെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഫോർട്ടുകൊച്ചി ചെല്ലാനം മേഖലയിൽ ചെയ്ത ജോലികൾക്ക് ചെലവാക്കിയ സംഖ്യ എത്ര ;

(സി) പ്രസ്തുത മേഖലയിൽ കഴിഞ്ഞവർഷം കടൽഭിത്തി കെട്ടുന്നതിനും, അവ നന്നാക്കുന്നതിനും ചെലവഴിച്ച സംഖ്യ എത്ര ;

(ഡി) പ്രസ്തുത മേഖലയിൽ കഴിഞ്ഞ വർഷം ചെയ്ത കടൽഭിത്തി നിർമ്മാണ ജോലികൾ എത്ര ?

ഉത്തരം

(എ) കേരളത്തിൽ കഴിഞ്ഞവർഷം (1985-86) കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്ക് (ഒറിജിനൽ വർക്കുകൾ 421.46 ലക്ഷം രൂപയും, കടലാക്രമണ സംരക്ഷണ പ്രവർത്തനങ്ങൾക്കു 47.41 ലക്ഷം രൂപയും ചെലവായി. ഇതുകൂടാതെ കേന്ദ്രഗവൺമെൻറിൽനിന്നും ഔട്ടർലേപ്രൊക്ക മുരിതാശ്വാസമായി ലഭിച്ച വിഹിതത്തിൽനിന്നും കടൽഭിത്തിയുടെ കേടുപാടുകൾ തീർക്കുന്നതിന് 173.64 ലക്ഷം രൂപ ചെലവഴിച്ചു.

(ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

കടൽഭിത്തിയുടെ ഉയരവും വീതിയും കൂട്ടാൻ നടപടി

922. [1359] ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കടൽഭിത്തികളുടെ ഉയരവും വീതിയും കുറവായതുകൊണ്ടാണ് വർഷംതോറും നമ്മുടെ കടൽതീരത്ത് കടലാക്രമണ കെടുതികൾ ഉണ്ടാകുന്നതെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെല്ലാനം പഞ്ചായത്തിൽ വർഷംതോറും അനുഭവിക്കുന്ന കടൽക്ഷോഭം മൂലമുള്ള കെടുതികൾ കടൽഭിത്തികളുടെ വീതിക്കുറവും ഉയരക്കുറവും മൂലമുണ്ടാകുന്നതാണെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ആധുനിക സാങ്കേതിക ഉപദേശം അനുസരിച്ച് നമ്മുടെ കടൽഭിത്തികൾക്ക് ഉണ്ടായിരിക്കേണ്ട ഉയരവും വീതിയും എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാ വർഷവും കടലാക്രമണ കെടുതികൾ അനുഭവിക്കുന്ന ചെല്ലാനം പഞ്ചായത്തിൽ കടൽഭിത്തികൾക്ക് ഉയരം വർദ്ധിപ്പിക്കാനും വീതി കൂട്ടാനും ഉള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള കടൽഭിത്തികളുടെ ഉയരവും വീതിയും കുറവായതു കൊണ്ടു മാത്രമാണ് നമ്മുടെ കടൽതീരത്ത് കടലാക്രമണ കെടുതികൾ ഉണ്ടാകുന്നതെന്ന് പറയുന്നത് ശരിയല്ല. കേരള എഞ്ചിനീയറിംഗ് റിസർച്ച് വിഭാഗത്തിന്റെ വിവിധ സാങ്കേതിക പഠനങ്ങൾക്കുശേഷമാണ് കടൽ ഭിത്തിയുടെ ഉയരവും വീതിയും ഇപ്പോൾ നിലവിലുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചു നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ആധുനിക സ്പെസിഫിക്കേഷൻ അനുസരിച്ച് നിർമ്മിക്കുന്ന കടൽഭിത്തിക്ക് 3.35 മീറ്റർ ഉയരവും 18 മീറ്റർ വീതിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ചെല്ലാനം പഞ്ചായത്തിൽ പഴയ സ്പെസിഫിക്കേഷൻ അനുസരിച്ച് നിർമ്മിച്ചിട്ടുള്ള കടൽ ഭിത്തികൾ പുതുക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച് പുനർ നിർമ്മിക്കാൻ പണത്തിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഡ്രെയിനേജ് കണക്ഷൻ

923. [1361] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുര്യാത്തി ഡ്രെയിനേജ് സബ്ഡിവിഷന്റെ കീഴിൽപ്പെട്ട മുടവൻമുഗൾ ഡ്രെയിനേജ് പമ്പുഹൗസിനു സമീപത്ത് താമസക്കാരായ രണ്ടു വീട്ടുകാർ ഡ്രെയിനേജ് കണക്ഷനുവേണ്ടി ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പൂജപ്പുര പിച്ചിവിള കൃഷ്ണൻകുട്ടിയോടൊപ്പം അഞ്ചുപേർ ഡ്രെയിനേജ് കണക്ഷനു അപേക്ഷിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും ഇതുവരെ കണക്ഷൻ നൽകിയിട്ടില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത അവസ്ഥ സ്ഥലവാസികൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നം ഉളവാക്കുന്നതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ ;

(ഇ) പമ്പ് ഹൗസിൽനിന്നും ഏകദേശം 125 മീറ്റർ മാത്രം അകലമുള്ള ഈ വീടുകൾക്ക് ഇതുവരെ കണക്ഷൻ നൽകാതിരിക്കാനുള്ള കാരണം എന്താണ് ;

(എഫ്) ഡ്രെയിനേജ് പമ്പ് ഹൗസിനു സമീപമുള്ള വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ നൽകണമെന്ന് ഗവൺമെന്റ് മുമ്പ് എടുത്ത തിരുമാനം ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ഡ്രെയിനേജ് കണക്ഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly